compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 07
Tuesday, 07th October 2025

1201 കന്നി 21
21st Kanni 1201

1947 ആശ്വിനം 15
15th Aswina 1947

വാല്യം 14
Vol. XIV

നമ്പർ **40**
No.

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C

See Rule 5(8)

NOTIFICATION

B20-13658/2025 Dated: 27/09/2025

Where it is expedient to publish a notification showing, revised value of land as required under section 28A of the Kerala Stamps Act 1959 read; with Sub Rule (8) of Rule 5 of the Kerala Stamp (Fixation of Fair value of land) Rule 1995, the fair value of land in Block No. 6 in Resurvey No. 92/9 in Pangode village in Nedumangad Taluk of the Thiruvananthapuram District is hereby fixed finally as shown in the schedule hereto:

S C H E D U LE

Name of District	Name of Taluk	Village and survey no with subdivision	Corporation Muncipality/ Panchayat	Ward	Classification by use	Fair value of the land Already fixed	Revised fair value of land
(1)	(2)	(3)	(4)	(5)	(6)	(7)	(8)
THIRUVANANTHAPURAM	**NEDUMANGAD**	**PANGODE, RESURVEY NO. 92/9**	**PANCHAYATH**	**-**	**3**	**66,528/- per Are**	**39,600/- per Are**

Sd/-
District Collector
Thiruvananthapuram

Note: Use: predominantly-Commercial/Residential/Agricultural (Wet or dry) & others.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

(1)

നമ്പർ RDOPLR/2294/2025-F. 2025 സെപ്റ്റംബർ 26.

വിഷയം:—തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ച ഭൂമിയുടെ ന്യായവില /ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്-സംബന്ധിച്ച്.

സൂചന: —(1) ശ്രീമതി മിനി, ചെട്ടിയാവിളയിൽ, മഞ്ഞള്ളൂർ, പത്തനാപുരം, എന്നവർ സമർപ്പിച്ച അപേക്ഷ.

(2) പത്തനാപുരം തഹസിൽദാരുടെ 29-8-2025 തീയതിയിലെ TLKPTM/2138/2025 നമ്പർ റിപ്പോർട്ട്.

(3) പത്തനാപുരം വില്ലേജ് ഓഫീസറുടെ 3-7-2025, 14-8-25 തീയതി-കളിലെ 135/25, 238/25 നമ്പർ റിപ്പോർട്ടുകൾ.

(4) പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ -സ്വഭാവ വ്യതിയാനം/തരം മാറ്റം അനുവദിച്ചു നൽകിയ 29-8-2024 തീയതിയിലെ 931/2024 നമ്പർ ഉത്തരവ്.

(5) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ ചട്ടം 5(4).

(6) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(7) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/ റ്റി. ഡി.

(8) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/ റ്റി. ഡി. (S.R.O. No. 186/2018).

(9) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/ റ്റി. ഡി. (S.R.O. No. 311/2019).

(10) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/ റ്റി. ഡി. (S.R.O. No. 266/2020).

(11) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/ റ്റി. ഡി. (S.R.O. No. 305/2022).

(12) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/ റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ സർവ്വേ നമ്പർ 3073, 3073/C എന്നിവയിൽപ്പെട്ട തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ച വസ്തുക്കൾക്ക് ഫെയർ വാല്യൂ/ന്യായവില പുനർ നിർണ്ണയിക്കുന്നതിനു ശ്രീമതി മിനി എന്നവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷയിന്മേൽ അന്വേഷണം നടത്തി സൂചന (2) പ്രകാരം പത്തനാപുരം തഹസിൽദാർ, പത്തനാപുരം വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനാപുരം സബ് രജിസ്ട്രാർ ഓഫീസിലെ 1764/2014 നമ്പർ വിലയാധാര പ്രകാരം പത്തനാപുരം വില്ലേജിൽ സർവ്വേ നമ്പർ 3073-ൽപ്പെട്ട 4.05 ആർ, 00.40 ആർ ഉൾപ്പെടെ ആകെ ആർ 4.45 -നിലം ഇനത്തിൽപ്പെട്ട വസ്തുക്കൾക്ക് സൂചന (1) അപേക്ഷക പേരിൽ അവകാശം ലഭിച്ചിട്ടുള്ളതും ടി വില്ലേജിലെ 32896-നമ്പർ തണ്ടപ്പേരിൻപടി സർവ്വേ നമ്പർ 3073, 3073/C എന്നിവയിൽ കരം ഒടുക്കി വരുന്നതുമാണ്. പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുൻപാകെ സമർപ്പിച്ച അപേക്ഷ പ്രകാരം ടി വസ്തുക്കൾക്ക് തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ച് സൂചന (3) പ്രകാരമുള്ള ഉത്തരവ് ലഭിച്ചിട്ടുള്ളതും ടി വസ്തുക്കൾക്ക് സൗജന്യ തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ചു നൽകി കരം ഒടുക്കി വരുന്നതുമാണ്. സ്വഭാവ വ്യതിയാനം അനുവദിച്ച ടി വസ്തുക്കൾക്ക് ഫെയർ വാല്യൂ നിർണ്ണയിക്കുന്നതിനായാണ് സൂചന (1) അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

2010-ലെ ഫെയർ വാല്യൂ രജിസ്റ്ററിൽ അപേക്ഷ വസ്തുക്കൾ ഉൾപ്പെട്ടു വരുന്ന സർവ്വേ നമ്പർ 3073 ന് ഫെയർ വാല്യൂ/ന്യായവില ഒരു ആർ ന്-25,000 രൂപയും Wet Land എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ചു വന്നിട്ടുള്ളതാണ്.

അപേക്ഷ വസ്തുക്കൾ പത്തനാപുരം കല്ലുംകടവ് ജംഗ്ഷനിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ പടിഞ്ഞാറ് വടക്കായി പത്തനാപുരം-കായംകുളം റോഡിൽ നിന്നും ഏകദേശം 200 മീറ്റർ മാറി പഞ്ചായത്ത് റോഡിനു ചേർന്ന് സ്ഥിതി ചെയ്യുന്നതാണ് എന്ന് മഹസർ പ്രകാരം കാണുന്നു. തരം മാറ്റം അനുവദിച്ച അപേക്ഷ വസ്തുക്കളുടെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിക്കുന്നതിന് അപേക്ഷ വസ്തുക്കൾക്ക് സമീപത്ത് പഞ്ചായത്ത് റോഡ് പ്രാധാന്യത്തിൽ സ്ഥിതി ചെയ്യുന്ന സർവ്വേ നമ്പർ 3078/3-ൽപ്പെട്ട വസ്തുക്കൾക്ക് ന്യായവില നിർണ്ണയിച്ചു വന്നിട്ടില്ലാത്തതിനാൽ PWD റോഡ് പ്രാധാന്യത്തിൽ സ്ഥിതി ചെയ്യുന്ന ടി വില്ലേജിൽ സർവ്വേ നമ്പർ 3076/1-ൽപ്പെട്ട വസ്തു സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ച് ടി വസ്തു ഉൾപ്പെട്ട സർവ്വേ നമ്പറിനു 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള ഒരു ആർ-നു ₹70,000 ന്യായവിലയും അപേക്ഷ വസ്തുക്കൾക്ക് പഞ്ചായത്ത് റോഡ് പ്രാധാന്യമുള്ളതിനാൽ Residential Plot With Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ചു നൽകാമെന്ന് സൂചന (2),(3) പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതാണ്.

സൂചന (4) നിർദ്ദേശത്തിന്റെയും പത്തനാപുരം തഹസിൽദാരുടെയും പത്തനാപുരം വില്ലേജ് ഓഫീസറുടെയും യഥാക്രമം സൂചന (2),(3) ശുപാർശകളുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ വസ്തുക്കൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ന്യായവിലയും ക്ലാസ്സിഫിക്കേഷനും അനുവദിച്ച് ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ടതും തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ചു വന്നിട്ടുള്ളതുമായ സർവ്വേ നമ്പറിൽപ്പെട്ട വസ്തുവിന് പുനർ നിർണ്ണയിച്ച ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ അംഗീകരിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ്	സർവ്വേ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർ വാല്യൂ (ഒരു ആർ-ന്)
ശ്രീമതി മിനി, ചെട്ടിയാവിളയിൽ, മഞ്ഞള്ളൂർ	പത്തനാപുരം	പത്തനാപുരം	a. 3073 b. 3073/C	a. & b. ₹25,000 Wet Land	a. & b. Residential Plot with Panchayath Road Access	a. & b. ₹ 70,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന 7 മുതൽ 12 വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

(2)

നമ്പർ RDOPLR/1887/2025 -F. 2025 സെപ്റ്റംബർ 27.

വിഷയം:— പുനലൂർ സബ് ഡിവിഷൻ - കൊട്ടാരക്കര താലൂക്ക്- മേലില വില്ലേജ്- ന്യായവില രജിസ്റ്ററിൽ ഉൾപ്പെട്ടു വന്നിട്ടില്ലാത്ത സർവ്വേ നമ്പരിന് ന്യായവില, ക്ലാസ്സിഫിക്കേഷൻ എന്നിവ നിർണ്ണയിച്ച് ഉത്തരവാകുന്നത്-സംബന്ധിച്ച്.

സൂചന:—(1) ശ്രീ. ജോൺ വർഗീസ്, ആവിക്കോട്ടു തെക്കേതിൽ, കിഴക്കേക്കര, കൊട്ടാരക്കര എന്നയാൾ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 15-7-2025 തീയതിയിലെ TLKKTR/4169/2025-P1 നമ്പർ റിപ്പോർട്ട്.

(3) മേലില വില്ലേജ് ഓഫീസറുടെ 21-5-2025 തീയതിയിലെ VOMELA/83/2025 -1 നമ്പർ റിപ്പോർട്ട്.

(4) കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാറുടെ 10-9-2025 തീയതിയിലെ 490/25 നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ ചട്ടം 5(4).

(6) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(7) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/ റ്റി. ഡി.

(8) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/ റ്റി. ഡി. (S.R.O. No. 186/2018).

(9) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/ റ്റി. ഡി. (S.R.O. No. 311/2019).

(10) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/ റ്റി. ഡി. (S.R.O. No. 266/2020).

(11) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/ റ്റി. ഡി. (S.R.O. No. 305/2022).

(12) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/ റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ മേലില വില്ലേജിലെ ബ്ലോക്ക് നമ്പർ 16-ൽ റീ സർവ്വേ നമ്പർ 112/9 എന്നിവയിൽപ്പെട്ട വസ്തുവിന്റെ ഫെയർ വാല്യൂ നിർണ്ണയിക്കുന്നതിന് ശ്രീ. ജോൺ വർഗീസ് എന്നയാൾ സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ കൊട്ടാരക്കര തഹശീൽദാർ, മേലില വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2),(3) പ്രകാരം റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്.

കൊട്ടാരക്കര അഡീഷണൽ സബ് റജിസ്ട്രാർ ഓഫീസിലെ 3148/1969 നമ്പർ ഇഷ്ടദാന പ്രകാരം വില്ലേജിൽ മുൻ സർവ്വേ നമ്പർ 438/11 -ൽപ്പെട്ട പുരയിടം ഇനത്തിൽപ്പെട്ട 130 ആർ വസ്തുവിന് സൂചന (1) അപേക്ഷകനായ ശ്രീ. ജോൺ വർഗീസ് എന്നയാൾ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതാണ്. റീ സർവ്വേ ബി ടി ആർ പ്രകാരം ബ്ലോക്ക് നമ്പർ 16 -ൽ റീ സർവ്വേ നമ്പർ 112/1 -ൽപ്പെട്ട 2.065 ഹെക്ടർ വസ്തു ജില്ലാ സർവ്വേ സുപ്രണ്ടിന്റെ DSA5994/06 (A)-നമ്പർ ഉത്തരവ് പ്രകാരം സബ് ഡിവിഷൻ നടത്തി 112/1, 112/8, 112/9 എന്ന സബ് ഡിവിഷൻ നമ്പരുകൾ നൽകുകയും അതിൽ 112/9-ൽപ്പെട്ട 93.25 ആർ വസ്തു സൂചന (1) അപേക്ഷകൻ പേരിൽ വന്നിട്ടുള്ളതും 10249 നമ്പർ തണ്ടപ്പേരിൽ ടിയാൻ പേരിൽ കരം ഒടുക്കി വരുന്നതുമാണ്.

2010-ലെ ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം അപേക്ഷ വസ്തു ഉൾപ്പെട്ട ടി ബ്ലോക്കിൽ മാതൃ റീ സർവ്വേ നമ്പർ 112/1 -ന് Residential Plot with Cor./Mun./Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനിൽ ഫെയർവാല്യൂ ₹2,50,000 വന്നിട്ടുള്ളതാണ്. അപേക്ഷ വസ്തുവിന് ന്യായവിലയും ക്ലാസിഫിക്കേഷനും നാളിതു വരെ അനുവദിച്ചിട്ടില്ലാത്തതിനാൽ ആയത് നിർണ്ണയിച്ച് നൽകുന്നതിനാണ് ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് സൂചന (2), (3) റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്നു.

2010 ലെ ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം ടി ബ്ലോക്കിൽ a. റീ സർവ്വേ നമ്പർ 112/2, 3, 5 എന്നിവയിൽപ്പെട്ട സമീപ വസ്തുക്കൾക്ക് ഒരു ആർ -ന് ₹80,000 ന്യായവിലയും Residential Plot with Cor./Mun./Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും എതിർ വശത്തുള്ള b. റീ സർവ്വേ നമ്പർ 133/1, 2 മുതൽ വസ്തുക്കൾക്ക് ടി ക്ലാസ്സിഫിക്കേഷനിൽ ₹30,000 ന്യായവിലയും നൽകിയിട്ടുള്ളതാണെന്നും അപേക്ഷ വസ്തു പഞ്ചായത്ത് റോഡ് പ്രാധാന്യത്തിൽ സ്ഥിതി ചെയ്യുന്നതും ചെങ്കുത്തായി കാണപ്പെടുന്നു എന്നും ആയതിനാൽ റീ സർവ്വേ നമ്പർ 112/2, 3, 5-ൽപ്പെട്ട വസ്തുക്കൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ച് അപേക്ഷ വസ്തുവിന് ന്യായവില ₹80,000 പഞ്ചായത്ത് റോഡിനുചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ Residential Plot with Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ചു നൽകാമെന്ന് സൂചന (2), (3) റിപ്പോർട്ടുകൾ പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

മേലില വില്ലേജിൽ ബ്ലോക്ക് 16-ൽ റീ സർവ്വേ 112-ൽപ്പെട്ട വസ്തുക്കൾ ഒന്നും രജിസ്റ്റർ ചെയ്ത ആധാരങ്ങൾ പ്രകാരമുള്ള കൈമാറ്റം നടന്നിട്ടില്ല എന്ന വിവരം സൂചന (4) പ്രകാരം കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ന്യായവില ഓൺലൈൻ സൈറ്റിൽ- 264 ശതമാനം വർദ്ധനവ് പ്രകാരം ടി ബ്ലോക്കിൽ റീ സർവ്വേ നമ്പർ 112/2, 3, 5 എന്നീ വസ്തുക്കൾക്ക് ₹2,11,200-ഉം റീ സർവ്വേ നമ്പർ 112/1-ന് ₹6,60,000-ഉം റീ സർവ്വേ നമ്പർ 113/1 ന് ₹2,11,200-ഉം നിലവിൽ ന്യായവില വന്നിട്ടുള്ളതാണ് എന്ന് കാണുന്നു.

ഈ കാര്യാലയത്തിൽ നിന്നും സ്ഥല പരിശോധന നടത്തിയതിൽ കൊട്ടാരക്കര-തിരുവനന്തപുരം എം സി റോഡിൽ ലോവർ കരിക്കം ഭാഗത്ത് നിന്നും ഐപ്പള്ളൂർ ഭാഗത്തേക്ക് പോകുന്ന പഞ്ചായത്ത് റോഡിൽ ഏകദേശം 500 മീറ്റർ എത്തുമ്പോൾ ടി പഞ്ചായത്ത് റോഡിനു ചേർന്ന് അപേക്ഷ വസ്തുവിന്റെ കുറച്ചു ഭാഗം ഒരേ നിരപ്പിലും ടി വസ്തുവിന്റെ നല്ലൊരു ഭാഗം കുത്തനെ ചരിഞ്ഞ നിലയിൽ സ്ഥിതി ചെയ്യുന്നതുമായി കാണുന്നു. ടി വസ്തുവിന് വാണിജ്യ പ്രാധാന്യമോ മറ്റു വഴി സൗകര്യങ്ങളോ ഇല്ലാത്തതും ടി സ്ഥലത്ത് മരങ്ങളോ ചമയങ്ങളോ ഒന്നും ഇല്ലാതെ തരിശായിക്കിടക്കുന്നതായി കാണുന്നു. കൂടാതെ ടി റോഡിനു ചേർന്ന് എതിർ വശത്തുള്ള റീ സർവ്വേ നമ്പർ 133/1, 2 മുതൽ വസ്തുക്കൾക്ക് ₹30,000 2010- ൽ ന്യായവിലയും നൽകിയിട്ടുള്ളതാണ്. അപേക്ഷ വസ്തു സബ് ഡിവിഷൻ പ്രകാരം വന്നിട്ടുള്ള മാതൃ സർവ്വേ നമ്പരായ റീ സർവ്വേ നമ്പർ 112/1-ന്റെ 2010- ലെ ന്യായവില ഒരു ആർ-ന് ₹2,50,000 വരെ ഉയർന്നതും അപേക്ഷ വസ്തുവിന് അനുയോജ്യമല്ലാത്തതുമാണ് എന്നും അപേക്ഷ വസ്തുവിന് 93.25 ആർ വലിയ വിസ്തീർണ്ണമുള്ളതുമാണ് എന്നും കാണുന്നു. മേൽ സാഹചര്യത്തിൽ അപേക്ഷ വസ്തുവിന് 2010-ലെ ന്യായവിലയായി കൊട്ടാരക്കര തഹശീൽദാരും മേലില വില്ലേജ് ഓഫീസറും ശുപാർശ ചെയ്തിട്ടുള്ള ന്യായവിലയിൽ നിന്നും ₹30,000 കൂടി ഉയർത്തി ഒരു ആർ-ന് ₹1,10,000 ന്യായവിലയും Residential Plot with Panchayath Road Access എന്ന ക്ലാസിഫിക്കേഷനും അനുവദിക്കാവുന്നതാണ് ഉചിതമെന്ന് കാണുന്നു.

സൂചന നിർദ്ദേശത്തിന്റെയും കൊട്ടാരക്കര തഹശീൽദാരുടെയും മേലില വില്ലേജ് ഓഫീസറുടെയും ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും ഈ കാര്യാലയത്തിൽ നിന്നും നടത്തിയ സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുവിന് ന്യായവിലയും ക്ലാസ്സിഫിക്കേഷനും അനുവദിച്ചു ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ ഉൾപ്പെട്ടു വന്നിട്ടില്ലാത്ത സർവ്വേ നമ്പരിൽ ഉൾപ്പെട്ട വസ്തുവിന് ന്യായവിലയും ക്ലാസിഫിക്കേഷനും അനുവദിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ് & ബ്ലോക്ക് നമ്പർ	റീ സർവ്വേ നമ്പർ	1-4-2010-ലെ ന്യായവിലയും ക്ലാസിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർവാല്യൂ (ഒരു ആർ-ന്)
ശ്രീ. ജോൺ വർഗീസ്, ആവിക്കോട്ടു തെക്കേതിൽ, കിഴക്കേക്കര, കൊട്ടാരക്കര	കൊട്ടാരക്കര	മേലില 16	112/9 (93.25-ആർ)	ന്യായവില നിർണ്ണയിച്ചിട്ടില്ല	Residential Plot with Panchayath Road Access	₹ 1,10,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന (7) മുതൽ (12) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

(1)

നമ്പർ RDOPLR/517/2025-F. 2025 സെപ്റ്റംബർ 25.

വിഷയം:—പുനലൂർ സബ് ഡിവിഷൻ—പത്തനാപുരം താലൂക്ക്—വിളക്കുടി വില്ലേജ്—2010-ലെ ന്യായവില രജിസ്റ്ററിൽ സർക്കാർ എന്ന് വന്നിട്ടുള്ള ഭൂമിയുടെ ന്യായവില/ ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ—പുനർനിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീമതി ജെഫീന ബീഗം, നാസർ മൻസിൽ, വിളക്കുടി വില്ലേജ് എന്നവർ സമർപ്പിച്ച അപേക്ഷ.

(2) പത്തനാപുരം തഹശീൽദാരുടെ 20-2-2025, 6-8-2025, 23-8-2025 തീയതികളിലെ TLKPTM/1917/2024-B6 നമ്പർ റിപ്പോർട്ട്.

(3) വിളക്കുടി വില്ലേജ് ഓഫീസറുടെ 23-6-2025 തീയതിയിലെ 244/25 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A, ചട്ടം 5(4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി.ഡി. (S.R.O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി.ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിൽ സർവ്വേ നമ്പർ 323/104-ൽപ്പെട്ട വസ്തുവിന്റെ ഫെയർ വാല്യൂ/ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിക്കുന്നതിന് ശ്രീമതി ജെഫീന ബീഗം എന്നവർ സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പത്തനാപുരം തഹശീൽദാർ, വിളക്കുടി വില്ലേജ് ഓഫീസർ എന്നിവർ സൂചന (2), (3) പ്രകാരം റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്.

പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 219/2021 നമ്പർ ധനനിശ്ചയ ആധാര പ്രകാരം വിളക്കുടി വില്ലേജിൽ സർവ്വേ നമ്പർ 323/104-ൽപ്പെട്ട 4.35 ആർ പുരയിടം സൂചന (1) അപേക്ഷകയുടെ ഉടമസ്ഥതയിലും 52194 നമ്പർ തണ്ടപ്പേരിൻപടി ടിയാളുടെ പേരിൽ സർവ്വേ നമ്പർ 323/104 പ്രകാരം കരം ഒടുക്കി കൈവശം വെച്ച് വരുന്നതുമാണ്. അപേക്ഷ വസ്തു ഉൾപ്പെട്ട 323/1/1/104-ൽപ്പെട്ട സർവ്വേ നമ്പറിന് 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ന്യായവില ₹ 19,760-ം Government Property എന്ന ക്ലാസ്സിഫിക്കേഷനും വന്നിട്ടുള്ളതാണ്. ടി അപാകത പരിഹരിച്ച് ന്യായവില പുനർ നിർണ്ണയിച്ച് നല്കുന്നതിനാണ് സൂചന (1) അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് കാണുന്നു.

സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർവ്വേ നമ്പർ 323/1/1-ൽപ്പെട്ട 258.44 ഏക്കർ സ്ഥലം സർക്കാർ തരിശായി വന്നിട്ടുള്ളതായി കാണുന്നു. എന്നാൽ ബി ടി ആർ പ്രകാരം സർവ്വേ നമ്പർ 323/1/104-ൽപ്പെട്ട 6.48 ആർ (16 സെന്റ്) സ്ഥലം ഇളമ്പൽ വീട്ടിൽ നെടിയവിള വീട്ടിൽ മറിയ സാറാ എന്നവർ പേരിൽ 2745 നമ്പർ തണ്ടപ്പേരിൽ വന്നിട്ടുള്ളതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി സ്ഥലം പത്തനാപുരം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ കൊല്ലവർഷം 1122-ലെ 1739 നമ്പർ വിലയാധാര പ്രകാരം ചീയോട് ചരുവിള വീട്ടിൽ അയ്യപ്പൻ പിള്ള വേലായുധൻ പിള്ള പേരിൽ മറിയ സാറാ എന്നവർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൈമാറിയിട്ടുള്ളതും തുടർന്ന് ടി സബ് രജിസ്ട്രാർ ഓഫീസിലെ കൊല്ലവർഷം 1123-ലെ 3870 നമ്പർ വിലയാധാര പ്രകാരം ആലുവിള വീട്ടിൽ ഉമ്മൻ പേർക്ക് നല്കിയിട്ടുള്ളതുമാണ്. ടി സബ് രജിസ്ട്രാർ ഓഫീസിലെ 2791/1958 നമ്പർ വിലയാധാര പ്രകാരം ടി ഉമ്മൻ കാരിക്കാട് വടക്കേതിൽ വീട്ടിൽ വർക്കി പേർക്ക് കൈമാറിയിട്ടുള്ള ടി വസ്തു പത്തനാപുരം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ 5164/1960 നമ്പർ വിലയാധാര പ്രകാരം മജീദിയ മൻസിലിൽ ജമീല ബീവി എന്നവർക്ക് വർക്കിയിൽ നിന്നും ലഭിച്ചിട്ടുള്ളതും തുടർന്ന് പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 4473/1994 നമ്പർ ഭാഗപത്രം പട്ടിക 5 പ്രകാരം സൂചന (1) അപേക്ഷകയുടെ പിതാവ് നാസറുദ്ദിൻ എന്നയാൾ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതിൽനിന്നും സൂചന (1) അപേക്ഷക പേരിൽ വന്നിട്ടുള്ളതാണ് എന്ന് മുന്നാധാരങ്ങളും രേഖകളും പരിശോധിച്ചതിൻ പ്രകാരം കാണുന്നു.

അപേക്ഷ വസ്തുവിന് സമീപമായി സ്ഥിതി ചെയ്യുന്നതും ടി വില്ലേജിലെ സർവ്വേ നമ്പർ 323/1-83-5-ൽപ്പെട്ട വസ്തുവിന് 2010-ലെ ഫെയർ വാല്യൂ രജിസ്റ്ററിൽ ഒരു ആർ-ന് ന്യായവില ₹ 19,760-ം Residential Plot with Cor./Mun./Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ചിട്ടുള്ളതാണ് എന്നും ടി വസ്തു അപേക്ഷ വസ്തുവിന് സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ച് ടി സ്ഥലത്തിന്റെ 2010-ലെ ന്യായവിലയും Residential Plot with Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും അപേക്ഷ വസ്തുവിന് അനുവദിക്കാമെന്നും സൂചന (2), (3) റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളതാണ്.

അപേക്ഷ വസ്തുവിൽ ദേഹണ്ഡങ്ങളായി രണ്ടു തെങ്ങുകൾ ഉള്ളതായും ചമയങ്ങൾ ഇല്ലായെന്നും അപേക്ഷ വസ്തുവിനും അടിസ്ഥാന വസ്തുവിനും പഞ്ചായത്ത് റോഡ് പ്രാധാന്യമുള്ളതായും മഹസർ പരിശോധിച്ചതിൽ കാണുന്നു.

ബി ടി ആർ പ്രകാരം സർവ്വേ നമ്പർ 323/1/104-ൽപ്പെട്ട 6.48 ആർ വിസ്തീർണ്ണമുള്ള അപേക്ഷ വസ്തു ബി ടി ആർ കക്ഷിക്ക് കൊല്ലവർഷം 1122-ന് മുൻപ് മുതൽ കരമൊടുക്കും കൈവശവും ഉള്ളതും നിയമാനുസൃതമായ ആധാരങ്ങൾ പ്രകാരം കൈമാറി നിലവിലെ അപേക്ഷകയ്ക്ക് ലഭിച്ചിട്ടുള്ളതും പോക്ക് വരവ് സബ് ഡിവിഷൻ പ്രകാരം വന്നിട്ടുള്ളതുമാണ്. ആയതിനാൽ അപേക്ഷ വസ്തുവിന് 2010-ലെ ന്യായവില രജിസ്റ്ററിൽ വന്നിട്ടുള്ള ന്യായവില നിലനിർത്തി ക്ലാസ്സിഫിക്കേഷനിൽ മാറ്റം വരുത്തി എന്നിവ പുനർ നിർണ്ണയിച്ച് നൽകാമെന്ന് കാണുന്നു.

ഉത്തരവ്

6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വേ നമ്പരിൽപ്പെട്ടതും സ്വകാര്യ ഭൂമിക്ക് സർക്കാർ എന്ന് വന്നിട്ടുള്ള ക്ലാസ്സിഫിക്കേഷൻ അപാകത പരിഹരിച്ച് പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ്	സർവ്വേ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർ വാല്യൂ (ഒരു ആർ-ന്)
ശ്രീമതി ജെഫീന ബീഗം, നാസർ മൻസിൽ, വിളക്കുടി വില്ലേജ്	പത്തനാപുരം	വിളക്കുടി	323/1/104 (4.35 ആർ)	₹ 19,760 Government Property	Residential Plot with Panchayath Road Access	₹ 19,760

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ RDOPLR/2380/2024-F. 2025 സെപ്റ്റംബർ 23.

വിഷയം:—പുനലൂർ സബ്ബ് ഡിവിഷൻ—കൊട്ടാരക്കര താലൂക്ക്—കൊട്ടാരക്കര വില്ലേജ്—നിലം എന്ന് തെറ്റായി ന്യായവില രജിസ്റ്ററിൽ വന്നിട്ടുള്ള വസ്തുക്കളുടെ ക്ലാസ്സിഫിക്കേഷൻ—പുനർനിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീ. ജോസ് ലൂക്ക്, ജോ കോട്ടേജ്, കല്ലിംഗൽ, പെരുമ്പുഴ എന്നയാൾ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 19-9-2024 തീയതിയിലെ TLKKTR/5376/2024-P1 നമ്പർ റിപ്പോർട്ട്.

(3) കൊട്ടാരക്കര വില്ലേജ് ഓഫീസറുടെ 25-7-2024 തീയതിയിലെ VOKTR/254/2024-1 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി.ഡി. (S.R.O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി.ഡി. (S.R.O. No. 420/2023).

പുനലൂർ സബ്ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിലെ ബ്ലോക്ക് 22-ൽ റീ സർവ്വേ നമ്പർ 243/11, 243/12-3 എന്നിവയിൽപ്പെട്ട വസ്തുക്കളുടെ ഫെയർ വാല്യൂ ന്യായ വില പുനർ നിർണ്ണയിച്ചു നല്കുന്നതിലേക്കു ശ്രീ. ജോസ് ലൂക്ക് സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ കൊട്ടാരക്കര തഹശീൽദാർ, കൊട്ടാരക്കര വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2),(3) പ്രകാരം റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്.

കൊട്ടാരക്കര സബ് രജിസ്ട്രാർ ഓഫീസിലെ 2090/1972 നമ്പർ വിലയാധാര പ്രകാരം കൊട്ടാരക്കര വില്ലേജിലെ മുൻ സർവ്വേ നമ്പർ 142/2-ൽപ്പെട്ട 5.46 ആർ വസ്തുവിന് കൊട്ടാരക്കര വില്ലേജിൽ കിഴക്കേക്കര ജോസ് ഭവനിൽ ലൂക്കോസ് ഭാര്യ പി. സി. കുഞ്ഞന്നാമ്മ പേരിലും ടി സബ് രജിസ്ട്രാർ ഓഫീസിലെ 1429/1971 നമ്പർ വിലയാധാര പ്രകാരം ടി വില്ലേജിലെ മുൻ സർവ്വേ നമ്പർ 142/2-ൽപ്പെട്ട 2.73 ആർ വസ്തുവിന് കൊറ്റംകുളങ്ങര വില്ലേജിൽ പെരുമ്പുഴ ചേരിയിൽ ഞാറവിള പുത്തൻ വീട്ടിൽ ലൂക്കോസ് ഭാര്യ പി. സി. കുഞ്ഞന്നാമ്മ ടിയാളുടെ പിതാവ് ടി വില്ലേജിൽ കിഴക്കേക്കര സ്ലീബാ കോട്ടേജിൽ ചാക്കോ വൈദ്യൻ എന്നിവർ പേരിലും അവകാശം ലഭിച്ചിട്ടുള്ളതാണ്. കൊട്ടാരക്കര പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ 2352/2011 നമ്പർ വിലയാധാരപ്രകാരം കൊല്ലം താലൂക്കിൽ കൊറ്റങ്കര വില്ലേജിൽ പെരുമ്പുഴ ചേരിയിൽ ജോ കോട്ടേജിൽ ലൂക്കോസ് ഭാര്യ പി. സി. കുഞ്ഞന്നാമ്മ എന്ന പേരിൽ ടി വില്ലേജിൽ ബ്ലോക്ക് 22-ൽപ്പെട്ട 0.52 ആർ വസ്തുവിനും അവകാശം ലഭിച്ചിട്ടുള്ളതാണ്.

ടി വില്ലേജിലെ മുൻ സർവ്വേ നമ്പർ 142/2-ൽപ്പെട്ട 8.19 ആർ വസ്തു റീ സർവ്വേ പ്രകാരം ബ്ലോക്ക് 22-ൽ റീ സർവ്വേ നമ്പർ 243/11-ൽപ്പെട്ട 7.65 ആർ വസ്തു 3171 നമ്പർ തണ്ടപ്പേരിലും ടി ബ്ലോക്കിൽ റീ സർവ്വേ നമ്പർ 243/12-3-ൽപ്പെട്ട 0.52 ആർ വസ്തു 15388-നമ്പർ തണ്ടപ്പേരിലും ആധാര കക്ഷിയായ ശ്രീമതി പി. സി. കുഞ്ഞന്നാമ്മ പേരിൽ കരം ഒടുക്കിൽ വന്നിട്ടുള്ളതാണ്. 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം അപേക്ഷ വസ്തുക്കൾ ഉൾപ്പെട്ടുവരുന്ന ടി ബ്ലോക്കിൽ റീ സർവ്വേ നമ്പർ 243/11, 243/12-3 എന്നിവയിൽപ്പെട്ട വസ്തുക്കൾ Wet Land എന്ന ക്ലാസ്സിഫിക്കേഷനിൽ യഥാക്രമം ₹ 1,50,000-ം, ₹ 1,00,000-ം ന്യായവില അനുവദിച്ചു വന്നിട്ടുള്ളതാണ്. ആധാര കക്ഷിയായ പി. സി. കുഞ്ഞന്നാമ്മ മരണപ്പെട്ടത്തിനാൽ ടിയാളുടെ പേരിലുള്ള വസ്തുക്കൾക്ക് ഫെയർ വാല്യൂ/ക്ലാസ്സിഫിക്കേഷൻ പുനർ നിർണ്ണയിക്കുന്നതിന് ടിയാളുടെ മകനായ ശ്രീ. ജോസ് ലൂക്ക് സൂചന (1) അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് കാണുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റീ സർവ്വേ ബി ടി ആർ പ്രകാരം അപേക്ഷ വസ്തുക്കൾ പുരയിടം എന്ന ഇനത്തിൽ വന്നിട്ടുള്ളതാണ്. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം മുൻ സർവ്വേ നമ്പർ 142/2-ൽപ്പെട്ട വസ്തു പുരയിടമായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ബ്ലോക്ക് 22-ൽ റീ സർവ്വേ നമ്പർ 243/11, 243/12-3 എന്നിവയ്ക്ക് നൽകിയിട്ടുള്ള ന്യായവില നില നിർത്തി, Residential Plot with Cor./Mun./Panchayath Road Access എന്ന് ക്ലാസ്സിഫിക്കേഷനിൽ മാറ്റം വരുത്തി ന്യായവില സംബന്ധിച്ച അപാകത പരിഹരിച്ചു നൽകാമെന്നു കൊട്ടാരക്കര തഹശിൽദാരും കൊട്ടാരക്കര വില്ലേജ് ഓഫീസറും സൂചന (2),(3) പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതാണ്. മഹസറിലും ഗ്രൂപ്പ് സ്കെച്ചിലും അപേക്ഷ വസ്തുക്കൾ മുനിസിപ്പൽ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി വസ്തുക്കൾക്ക് Residential Plot with Municipal Road Access എന്ന ക്ലാസ്സിഫിക്കേഷനാണ് അനുയോജ്യമെന്ന് കാണുന്നു.

സൂചന (5) നിർദ്ദേശത്തിന്റെയും കൊട്ടാരക്കര തഹശീൽദാരുടെയും കൊട്ടാരക്കര വില്ലേജ് ഓഫീസറുടെയും ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുക്കൾക്ക് 2010-ൽ അനുവദിച്ചിട്ടുള്ള ന്യായവില നിലനിർത്തി ക്ലാസ്സിഫിക്കേഷനിൽ മാത്രം മാറ്റം വരുത്തി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

6-3-2010-ലെ വിജ്ഞാപനത്തിലുള്ള സർവ്വേ നമ്പരുകളിൽ വന്നിട്ടുള്ള ക്ലാസ്സിഫിക്കേഷൻ അപാകത പരിഹരിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ് & ബ്ലോക്ക് നമ്പർ	റീ-സർവ്വെ നമ്പർ	1-4-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർ വാല്യൂ (ഒരു ആർ-ന്)
ശ്രീ. ജോസ് ലൂക്ക്, ജോകോട്ടേജ്, കല്ലിംഗൽ, പെരുമ്പുഴ	കൊട്ടാരക്കര	കൊട്ടാരക്കര 22	a. 243/11 (7.65 ആർ)	a. ₹ 1,50,000 Wet Land	a. Residential Plot with Municipal Road access	a. ₹ 1,50,000
ആധാര കക്ഷിയും തണ്ടപ്പേർ കക്ഷിയും കൊല്ലം താലൂക്കിൽ കൊറ്റങ്കര വില്ലേജിൽ പെരുമ്പുഴ ചേരിയിൽ ജോ കോട്ടേജിൽ ലൂക്കോസ് ഭാര്യ പി. സി. കുഞ്ഞന്നാമ്മ (മരണപ്പെട്ടു)			b. 243/12-3 (0.52 ആർ)	b. ₹ 1,00,000 Wet Land	b. Residential Plot with Municipal Road access	b. ₹ 1,00,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

(1)

നമ്പർ RDOPLR/2484/2025-F. 2025 സെപ്റ്റംബർ 27.

വിഷയം:—മൈലം വില്ലേജ്—തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ച ഭൂമിയുടെ ന്യായവില/ ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീമതി ഷീജ, W/o വസന്തൻ, ശ്രീ വിശാഖം, കുറ്റിപ്പുറം, തഴവ വില്ലേജ്, കരുനാഗപ്പള്ളി എന്നവർ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 22-9-2025 തീയതിയിലെ TLKKTR/7182/2025/P1 നമ്പർ റിപ്പോർട്ട്.

(3) മൈലം വില്ലേജ് ഓഫീസറുടെ 4-8-25 തീയതിയിലെ VOMYLM/279/20251-1 നമ്പർ റിപ്പോർട്ട്.

(4) പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ സ്വഭാവ വ്യതിയാനം/തരം മാറ്റം അനുവദിച്ച് നൽകിയ 1-8-22 തീയതിയിലെ A213/21/R-Dis നമ്പർ ഉത്തരവ്.

(5) കൊട്ടാരക്കര ഭൂരേഖാ തഹശീൽദാരുടെ B4-12683/22 നമ്പർ നടപടിക്രമം.

(6) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4)

(7) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3 54647 നമ്പർ പരിപത്രം

(8) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(9) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(10) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി. ഡി. (S.R.O. No. 311/2019).

(11) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(12) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(13) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ മൈലം വില്ലേജിൽ ബ്ലോക്ക് 15-ൽ റീ സർവ്വേ നമ്പർ 253/17, 253/6-2 എന്നിവയിൽപ്പെട്ട തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ച വസ്തുക്കളുടെ ഫെയർ വാല്യൂ/ ന്യായവില പുനർ നിർണ്ണയിക്കുന്നതിന് ശ്രീമതി ഷീജ എന്നവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ കൊട്ടാരക്കര തഹശീൽദാർ, മൈലം വില്ലേജ് ഓഫീസർ എന്നിവർ അന്വേഷണം നടത്തി യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊട്ടാരക്കര പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ 3955/2006 നമ്പർ വിലയാധാര പ്രകാരം മൈലം വില്ലേജിൽ 253/6-3, 253/6-2 എന്നിവയിൽപ്പെട്ട യഥാക്രമം 4.31 ആർ, 3.84 ആർ-നിലം ഇനത്തിൽപ്പെട്ട വസ്തുക്കൾ സൂചന (1) അപേക്ഷകർ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതും ടി വില്ലേജിലെ 9716 നമ്പർ തണ്ടപ്പേരിൻപടി സർവ്വേ നമ്പർ ആകെ 8.15-ആർ-വിസ്തീർണ്ണത്തിനു കരം ഒടുക്കി വന്നിട്ടുള്ളതുമാണ്. ബി ടി ആർ പ്രകാരം നിലമായി രേഖപ്പെടുത്തിയ ടി ബ്ലോക്കിൽ റീ സർവ്വേ നമ്പർ 253/6-ൽപ്പെട്ട ടി വസ്തുക്കൾക്ക് പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുൻപാകെ സമർപ്പിച്ച അപേക്ഷ പ്രകാരം 7.30 ആർ വിസ്തീർണ്ണത്തിനു മാത്രം ഫീസ് ഈടാക്കാതെ സൗജന്യമായി തരം മാറ്റം/സ്വഭാവ വ്യതിയാനം സൂചന (3) പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ളതാണ്. അപ്രകാരം തരം മാറ്റം വരുത്തിയ വസ്തുക്കളിൽ കൊട്ടാരക്കര ഭൂരേഖാ തഹശീൽദാരുടെ സൂചന (5) നടപടിക്രമം പ്രകാരം ടി ബ്ലോക്കിൽ റീ സർവ്വേ നമ്പർ 253/6-2-ൽപ്പെട്ട 3.84 ആർ വസ്തുവും, റീ സർവ്വേ നമ്പർ 253/6-3-ൽപ്പെട്ട വസ്തുവിന്റെ ആകെ വിസ്തീർണ്ണമായ 4.31 ആർ നിന്നും സബ് ഡിവിഷൻ നടത്തി 3.46 ആർ വസ്തുവിന് റീ സർവ്വേ നമ്പർ 253/17 പ്രകാരവും തരം മാറ്റം അനുവദിച്ച പുരയിടമായും നീക്കിയുള്ള 00.85 ആർ വസ്തു റീ സർവ്വേ നമ്പർ 253/6-ൽ നിലമായി നില നിർത്തിയും കരം ഒടുക്കി വരുന്നതാണ്. സ്വഭാവ വ്യതിയാനം അനുവദിച്ച വസ്തുക്കൾക്ക് ഫെയർ വാല്യൂ നിർണ്ണയിക്കുന്നതിനായാണ് സൂചന (1) അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

2010-ലെ ഫെയർ വാല്യൂ രജിസ്റ്ററിൽ അപേക്ഷ വസ്തുക്കൾ ഉൾപ്പെട്ടു വരുന്ന സർവ്വേ നമ്പർ 253/6-നു ഫെയർ വാല്യൂ/ന്യായവിലയായി ഒരു ആർ നു ₹ 35,000-ം Wet Land എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ചു വന്നിട്ടുള്ളതാണ്. തരം മാറ്റം അനുവദിച്ച അപേക്ഷ വസ്തുക്കൾക്ക് ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിക്കേണ്ടതായി കാണുന്നു.

അപേക്ഷ വസ്തുക്കൾ ഒന്നായി കിടക്കുന്നതും ഗോവിന്ദ മംഗലം-ശാന്തി മുക്ക് റോഡിൽ നിന്നും കിഴക്കേ തെരുവിലേക്കും മറ്റും പോകുന്ന റോഡിനു ചേർന്ന് സ്ഥിതി ചെയ്യുന്നതാണ് എന്നും ടി സ്ഥലത്ത് നാളത് നട്ട് ദേഹണ്ഡങ്ങളായി തെങ്ങ്, മാഞ്ചിയം മുതൽ മരങ്ങൾ നിൽക്കുന്നതാണ് എന്നും മഹസർ പ്രകാരം കാണുന്നു. അപേക്ഷ വസ്തുക്കളോടു ചേർന്ന് കിടക്കുന്ന വസ്തുക്കളെല്ലാം തരം മാറ്റം അനുവദിച്ചതാണ് എന്നും കൊട്ടാരക്കര മുനിസിപ്പൽ പരിധിയിലാണെന്നും ഭാവിയിൽ വാണിജ്യ പ്രാധാന്യമുള്ള വസ്തുക്കളായി മാറുമെന്നും സൂചന (2), (3) റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അപേക്ഷ വസ്തുക്കളുടെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിക്കുന്നതിന് അപേക്ഷ വസ്തുക്കളിൽ നിന്നും മാറി എം. സി. റോഡ് പ്രാധാന്യത്തിൽ സ്ഥിതി ചെയ്യുന്നു ടി വില്ലേജിൽ ബ്ലോക്ക് 14-ൽ റീ സർവ്വേ നമ്പർ 506/1-ൽപ്പെട്ട വസ്തു സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ചു ടി വസ്തു 2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള Commercially Important Plot എന്ന ക്ലാസ്സിഫിക്കേഷനും ഒരു ആർ-നു ₹ 2,00,000 ന്യായവിലയും അനുവദിച്ചു നൽകാമെന്നു സൂചന (2), (3) പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതാണ്. (അപേക്ഷ വസ്തുക്കൾ, സമാന വസ്തു എന്നിവയ്ക്ക് നിലവിൽ ₹ 5,28,000 ഫെയർ വാല്യൂ സൈറ്റിൽ കാണുന്നു.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൂചന (4) നിർദ്ദേശത്തിന്റെയും കൊട്ടാരക്കര തഹശീൽദാരുടെയും മൈലം വില്ലേജ് ഓഫീസറുടെയും യഥാക്രമം സൂചന (2), (3) ശുപാർശകളുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുവിനു ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ വസ്തുക്കൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ന്യായവിലയും ക്ലാസ്സിഫിക്കേഷനും അനുവദിച്ചു ഉത്തരവാകുന്നു.

ഉത്തരവ്

6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ടതും തരം മാറ്റം/സ്വഭാവ വ്യതിയാനം അനുവദിച്ചു വന്നിട്ടുള്ളതുമായ വസ്തുവിന് പുനർ നിർണ്ണയിച്ച ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകയുടെ പേരും വിലാസവും	താലൂക്ക്	വില്ലേജ് & ബ്ലോക്ക്	റീ സർവ്വെ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർവാല്യൂ (ഒരു ആർ-ന്)
ശ്രീമതി ഷീജ, W/o വസന്തൻ, ശ്രീ വിശാഖം, കുറ്റിപ്പുറം, തഴവ വില്ലേജ്, കരുനാഗപ്പള്ളി	കൊട്ടാരക്കര	മൈലം 15	a. 253/17 b. 253/6-2	a & b ₹ 35,000 Wet Land	a & b Commercially Important Plot	a & b ₹ 2,00,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന (8) മുതൽ (13) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

(2)

നമ്പർ RDOPLR/1905/2025-F. 2025 സെപ്റ്റംബർ 27.

വിഷയം:—പുനലൂർ സബ് ഡിവിഷൻ—കൊട്ടാരക്കര താലൂക്ക്, മേലില വില്ലേജ്-ന്യായവില രജിസ്റ്ററിൽ ഉൾപ്പെട്ടു വന്നിട്ടില്ലാത്തത് സർവ്വേ നമ്പരിന് ന്യായവില, ക്ലാസ്സിഫിക്കേഷൻ എന്നിവ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:— (1) ശ്രീമതി സൂസമ്മ ജോർജ്, ആവിക്കോട്ടു തെക്കേതിൽ, കിഴക്കേക്കര, കൊട്ടാരക്കര എന്നവർ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 16-7-2025 തീയതിയിലെ TLKKTR/4167/2025-P1 നമ്പർ റിപ്പോർട്ട്.

(3) മേലില വില്ലേജ് ഓഫീസറുടെ 21-5-2025-ലെ VOMELA/84/2025-1 നമ്പർ റിപ്പോർട്ട്.

(4) കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാറുടെ 10-9-2025-ലെ 490/25 നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) കേരള മുദ്രപ്പത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(6) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(7) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(8) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(9) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി. ഡി. (S.R.O. No. 311/2019).

(10) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(11) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(12) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ മേലില വില്ലേജിലെ ബ്ലോക്ക് നമ്പർ 16-ൽ റീ സർവ്വെ നമ്പർ 112/8-ൽപ്പെട്ട വസ്തുവിന്റെ ഫെയർ വാല്യൂ പുനർ നിർണ്ണയിക്കുന്നതിന് ശ്രീമതി സൂസമ്മ ജോർജ് എന്നവർ സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ കൊട്ടാരക്കര തഹസിൽദാർ, മേലില വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്.

കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലെ 3149/1969 നമ്പർ ഇഷ്ടദാന പ്രകാരം മുൻസർവ്വെ നമ്പർ 438/10, 11-ൽപ്പെട്ട മൂന്ന് ഏക്കർ പുരയിടം അപേക്ഷകയായ ശ്രീമതി സൂസമ്മ ജോർജ് എന്നവർ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതാണ്. റീ സർവ്വെ ബി ടി ആർ പ്രകാരം ബ്ലോക്ക് നമ്പർ 16-ൽ റീ സർവ്വെ നമ്പർ 112/1-ൽപ്പെട്ട 2.065 വസ്തു ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ DSA5994/06 (A) നമ്പർ ഉത്തരവ് പ്രകാരം 112/1, 112/8, 112/9 എന്ന് സബ് ഡിവിഷൻ നടത്തി 112/8-ൽപ്പെട്ട 79.35 ആർ വസ്തു സൂചന (1) അപേക്ഷക പേരിൽ വന്നിട്ടുള്ളതും 10248 നമ്പർ തണ്ടപ്പേരിൽ കരം ഒടുക്കി വരുന്നതുമാണ്.

2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം അപേക്ഷ വസ്തു ഉൾപ്പെട്ട ടി ബ്ലോക്കിൽ മാതൃ റീ സർവ്വെ നമ്പർ 112/1-നു Residential Plot With Cor/Mun/Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനിൽ ഫെയർ വാല്യൂ ₹ 2,50,000-ം വന്നിട്ടുള്ളതാണ്. അപേക്ഷ വസ്തുവിന് ന്യായവിലയും ക്ലാസിഫിക്കേഷനും നാളിതുവരെ അനുവദിച്ചിട്ടില്ലാത്തതിനാൽ ആയത് നിർണ്ണയിച്ചു നൽകുന്നതിനാണ് ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് സൂചന (2), (3) റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്നു.

2010-ലെ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം ടി ബ്ലോക്കിൽ a. റീ സർവ്വെ നമ്പർ 112/2, 3, 5 എന്നിവയിൽപ്പെട്ട സമീപ വസ്തുക്കൾക്ക് ഒരു ആർ-നു ₹ 80,000 ന്യായവിലയും Residential Plot With Cor/Mun/Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും എതിർ വശത്തുള്ള b. റീ സർവ്വെ നമ്പർ 133/1, 2 മുതൽ വസ്തുക്കൾക്ക് ടി ക്ലാസ്സിഫിക്കേഷനിൽ ₹ 30,000 ന്യായവിലയും നൽകിയിട്ടുള്ളതാണെന്നും അപേക്ഷ വസ്തു പഞ്ചായത്ത് റോഡ് പ്രാധാന്യത്തിൽ സ്ഥിതി ചെയ്യുന്നതും ചെങ്കുത്തായി കാണപ്പെടുന്നു എന്നും ആയതിനാൽ റീ സർവ്വെ നമ്പർ 112/2, 3, 5-ൽപ്പെട്ട വസ്തുക്കൾ സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ചു അപേക്ഷ വസ്തുവിനു ന്യായവില ₹ 80,000 പഞ്ചായത്ത് റോഡിന് ചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ Residential Plot With Panchayath Road Acess എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ചു നൽകാമെന്നു സൂചന (2), (3) റിപ്പോർട്ടുകൾ പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേലില വില്ലേജിൽ ബ്ലോക്ക് 16-ൽ റീ സർവ്വെ 112-ൽപ്പെട്ട വസ്തുക്കൾ ഒന്നും രജിസ്റ്റർ ചെയ്ത ആധാരങ്ങൾ പ്രകാരമുള്ള കൈമാറ്റം നടന്നിട്ടില്ല എന്ന വിവരം സൂചന (4) പ്രകാരം കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ന്യായവില ഓൺലൈൻ സൈറ്റിൽ 264 ശതമാനം വർദ്ധനവ് പ്രകാരം ടി ബ്ലോക്കിൽ റീ സർവ്വെ നമ്പർ 112/2, 3, 5 എന്നീ വസ്തുക്കൾക്ക് ₹ 2,11,200-ം, റീ സർവ്വെ നമ്പർ 112/1-നു ₹ 6,60,000-ം റീ സർവ്വെ നമ്പർ 113/1-നു ₹ 2,11,200-ം നിലവിൽ ന്യായവില വന്നിട്ടുള്ളതാണ് എന്ന് കാണുന്നു.

ഈ കാര്യാലയത്തിൽ നിന്നും സ്ഥല പരിശോധന നടത്തിയതിൽ കൊട്ടാരക്കര-തിരുവനന്തപുരം എം. സി. റോഡിൽ ലോവർ കരിക്കം ഭാഗത്ത് നിന്നും ഐപ്പള്ളൂർ ഭാഗത്തേക്ക് പോകുന്ന പഞ്ചായത്ത് റോഡിൽ ഏകദേശം 500 മീറ്റർ എത്തുമ്പോൾ ടി പഞ്ചായത്ത് റോഡിനു ചേർന്ന് അപേക്ഷ വസ്തുവിന്റെ കുറച്ചു ഭാഗം ഒരേ നിരപ്പിലും ടി വസ്തുവിന്റെ നല്ലൊരു ഭാഗം കുത്തനെ ചരിഞ്ഞ നിലയിൽ സ്ഥിതി ചെയ്യുന്നതുമായി കാണുന്നു. ടി വസ്തുവിനു വാണിജ്യ പ്രാധാന്യമോ മറ്റു വഴി സൗകര്യങ്ങളോ ഇല്ലാത്തതും ടി സ്ഥലത്ത് മരങ്ങളോ ചമയങ്ങളോ ഒന്നും ഇല്ലാതെ തരിശായിക്കിടക്കുന്നതായി കാണുന്നു. കൂടാതെ ടി റോഡിനു ചേർന്ന് എതിർ വശത്തുള്ള റീ സർവ്വെ നമ്പർ 133/1, 2 മുതൽ വസ്തുക്കൾക്ക് ₹ 30,000 2010-ൽ ന്യായവിലയും നൽകിയിട്ടുള്ളതാണ്. അപേക്ഷ വസ്തു സബ് ഡിവിഷൻ പ്രകാരം വന്നിട്ടുള്ള മാതൃ സർവ്വെ നമ്പരായ റീ സർവ്വെ നമ്പർ 112/1-ന്റെ 2010-ലെ ന്യായവില ഒരു ആർ-ന് ₹ 2,50,000 വളരെ ഉയർന്നതും അപേക്ഷ വസ്തുവിന് അനുയോജ്യമല്ലാത്തതുമാണ് എന്നും അപേക്ഷ വസ്തുവിന് 93.25 ആർ-വലിയ വിസ്തീർണ്ണമുള്ളതുമാണ് എന്നും കാണുന്നു. മേൽ സാഹചര്യത്തിൽ അപേക്ഷ വസ്തുവിന് 2010 ന്യായവിലയായി കൊട്ടാരക്കര തഹസിൽദാരും മേലില വില്ലേജ് ഓഫീസറും ശുപാർശ ചെയ്തിട്ടുള്ള ന്യായവിലയിൽ നിന്നും ₹ 30,000 കൂടി ഉയർത്തി ഒരു ആർ-ന് ₹ 1,10,000 ന്യായവിലയും Residential Plot With Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും അനുവദിക്കാവുന്നതാണ് ഉചിതമെന്ന് കാണുന്നു.

സൂചന (5) നിർദ്ദേശത്തിന്റെയും കൊട്ടാരക്കര തഹസിൽദാരുടെയും മേലില വില്ലേജ് ഓഫീസറുടെയും ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും ഈ കാര്യാലയത്തിൽ നിന്നും നടത്തിയ സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുവിന് ന്യായവിലയും ക്ലാസ്സിഫിക്കേഷനും അനുവദിച്ചു ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ ഉൾപ്പെട്ടു വന്നിട്ടില്ലാത്ത സർവ്വെ നമ്പരിൽ ഉൾപ്പെട്ട വസ്തുവിന് ന്യായവിലയും ക്ലാസിഫിക്കേഷനും അനുവദിച്ചു ഉത്തരവാകുന്നു.

അപേക്ഷകയുടെ പേരും വിലാസവും	താലൂക്ക്	വില്ലേജ് & ബ്ലോക്ക് നമ്പർ	റീ സർവ്വെ നമ്പർ	1-4-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില/ ഫെയർവാല്യൂ (ഒരു ആർ-ന്) ₹
ശ്രീമതി സൂസമ്മ ജോർജ്, ആവിക്കോട്ടു, തെക്കേതിൽ, കിഴക്കേക്കര കൊട്ടാരക്കര	കൊട്ടാരക്കര	മേലില 16	112/8 (79.35 ആർ)	ന്യായവില നിർണ്ണയിച്ചിട്ടില്ല	Residential Plot with Panchayath Road Access	1,10,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന (7) മുതൽ (12) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ: സുരേഷ് ബാബു, ജി.)

നമ്പർ RDOPLR/2032/2025-F. 2025 സെപ്റ്റംബർ 26.

വിഷയം:—മൈലം വില്ലേജ്—അപേക്ഷ വസ്തുക്കളുടെ ന്യായവില, ക്ലാസ്സിഫിക്കേഷൻ എന്നിവ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:— (1) ശ്രീ. വിശ്വനാഥൻ നായർ, വിജയ മന്ദിരം, മൈലം മുറി, മൈലം വില്ലേജ് എന്നയാൾ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 24-7-2025 തീയതിയിലെ TLKKTR/4241/2025-P1 നമ്പർ റിപ്പോർട്ട്.

(3) മൈലം വില്ലേജ് ഓഫീസറുടെ 19-5-2025 തീയതിയിലെ VOMYLM/142/2025-1 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5 (4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി.ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018)

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി.ഡി. (S.R.O. No. 311/2019)

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി .ഡി. (S.R.O. No. 266/2020)

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി .ഡി. (S.R.O. No. 305/2022)

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി .ഡി. (S.R.O. No. 420/2023)

